പതിനാലാം കേരള നിയമസഭ

**പതിമൂന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം.32 — 29.11.2018-ലെ മറുപടിക്ക്

**ചോദ്യം**

ശ്രീ. മഞ്ഞളാംകുഴി അലി
ഡോ. എം.കെ. മുനീർ
ശ്രീ. കെ.എം. ഷാജി
ശ്രീ. പാറക്കൽ അബ്ദുല്ല

**മറുപടി**

ഡോ. ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

**അനാവശ്യ ചെലവുകളുടെ നിയന്ത്രണം**

| | | |
|---|---|---|
| (എ) | പ്രളയ ദുരന്തത്തെ തുടർന്ന് സംസ്ഥാനത്തിന്റെ പുനഃസൃഷ്ടിക്ക് ശ്രമിക്കുന്ന അവസരത്തിൽ അനാവശ്യ ചെലവ് നിയന്ത്രിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; | പ്രളയത്തിന്റെ പശ്ചാത്തലത്തിൽ സമ്പദ് വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിനായി പരമാവധി പണം സമ്പദ്ഘടനയിലേക്ക് ഒഴുക്കുന്നതിന് ആവശ്യമായ നടപടികളാണ് സർക്കാർ കൈക്കൊണ്ടു വരുന്നത്. നടപ്പ് വർഷത്തെ പദ്ധതിയിൽ 20% പൊതുമരാമത്ത്, ജലവിഭവം എന്നീ വകുപ്പുകൾക്കും, വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന സ്കോളർഷിപ്പ് സ്കീമുകൾക്കും ഒഴികെയുള്ള സ്കീമുകളിൽ നിന്നും കുറവ് വരുത്തുന്നതിനും, ഈ തുക റോഡുകളുടെയും കുടിവെള്ള പദ്ധതികളുടെയും പുനഃസൃഷ്ടിക്ക് വിനിയോഗിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ പദ്ധതികളുടെ മുൻഗണനാ ക്രമത്തിൽ ഭേദഗതി വരുത്തുവാനും നിശ്ചയിച്ചിരുന്നു. സാമ്പത്തിക അച്ചടക്കം ഉറപ്പ് വരുത്തുന്നതിന്റെയും, ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിന്റെയും ഭാഗമായി വാഹനങ്ങൾ വാങ്ങുന്നതിനും, പുതിയ ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനങ്ങൾ അനുവദിക്കുന്നതിനും, വിദേശ യാത്രയ്ക്കും, വിമാന യാത്രയ്ക്കും, മൊബൈൽ ഫോൺ ഉപയോഗിക്കുന്നതിനും നിയന്ത്രണങ്ങൾ ഏർപ്പെടുത്തി 2014 ഏപ്രിൽ മാസത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവ് നിലവിൽ പ്രാബല്യത്തിലുമാണ്. |
| (ബി) | എങ്കിൽ ഏതെല്ലാം മേഖലകളിലെ ചെലവുകളാണ് നിയന്ത്രിക്കുവാൻ തീരുമാനിച്ചത് എന്ന് വിശദമാക്കുമോ; | |

| | | |
|---|---|---|
| (സി) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കമ്മീഷനുകളും ബോർഡുകളും കോർപ്പറേഷനുകളും സംയോജിപ്പിക്കുകയോ ആവശ്യമില്ലാത്തവ ഒഴിവാക്കുകയോ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | തൊഴിൽ വകുപ്പിന് കീഴിൽ വരുന്ന ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഭരണ ചെലവ് കുറയ്ക്കുന്നതിനുമായി ബോർഡുകളുടെ സാമ്പത്തിക ഭദ്രത, തൊഴിൽ സ്വഭാവം, അംഗബലം, പ്രവർത്തന സ്വഭാവം എന്നിവ പരിഗണിച്ച് 16 ക്ഷേമനിധി ബോർഡുകളെ സംയോജിപ്പിച്ച് എണ്ണം ചുരുക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ സജീവമായി പരിശോധിച്ചു വരുന്നു. |

അക്കൗണ്ട്സ് ഓഫീസർ